പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -T 2961 02/04/2013 ൽ മറുപടിക്ക്

## വർക്ക് ഓർഡർ ലഭിക്കുന്നതിലെ കാലതാമസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. എം. ആരിഫ് | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
| (എ) | പൊതുമരാമത്തുവകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ ടെൻഡർ തുകയേക്കാൾ താഴ്ന്ന നിരക്കിൽ എടുക്കുമ്പോൾ വർക്ക് ഓർഡർ ലഭിക്കണമെങ്കിൽ വീണ്ടും ധനകാര്യവകുപ്പിന്റെയും സി.റ്റി.ഇ. യുടെയും അനുമതി വേണമെന്നുള്ള വ്യവസ്ഥ നിലവിലുണ്ടോ ; | (എ) | 750 ലക്ഷം രൂപയ്ക്കുമേൽ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് റേറ്റിനേക്കാൾ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന ദർഘാസുകൾക്ക് സർക്കാരിന്റെ അനുമതി വേണമെന്ന് വ്യവസ്ഥയുണ്ട്. |
| (ബി) | ഇതുമൂലം താഴ്ന്ന നിരക്കിൽ ടെൻഡർ എടുത്തവർക്കുപോലും വർക്ക് ഓർഡർ ലഭിക്കുവാൻ കാലതാമസം നേരിടുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ടെൻഡർ എടുത്ത് 60 ദിവസത്തിനകം വർക്ക് ഓർഡർ ലഭിച്ചില്ലെങ്കിൽ കരാറുകാരന് സ്വമേധയാ പിന്മാറാം എന്ന ഉത്തരവ് നിലവിലുണ്ടോ ; | (സി) | ദർഘാസ് ഫേം പിരിയഡ് (60 ദിവസം) കഴിഞ്ഞാൽ കരാറുകാരന് വർക്ക് ഓർഡർ ലഭിയ്ക്കാത്ത സാഹചര്യത്തിൽ സ്വയം കരാറിൽ നിന്ന് പിന്മാറുന്നതിന് നിലവിൽ വ്യവസ്ഥ യുണ്ട് |
| (ഡി) | നിർമ്മാണപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന പ്രസ്തുത ഉത്തരവ് റദ്ദുചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ഡി) | വിശദമായ പരിശോധനയ്ക്കു ശേഷമേ ഇക്കാര്യം തീരുമാനിക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ